## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 4594 — 18.05. 2017 ൽ മറുപടിക്ക്

# വൈദ്യുതി കടിശ്ശിക

ചോദ്യം

ശ്രീ.പി.സി.ജോർജ്ജ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) സഹകരണ സ്ഥാപനങ്ങളുടെയും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെയും കൂടി വൈദ്യുതി ചാർജ്ജ് കുടിശ്ശിക 225 കോടി രൂപയെന്ന് കണ്ടെത്തിയിട്ടുണ്ടോ; | (എ) 31.03.2017 – ലെ ത്രൈമാസ കണക്ക് പ്രകാരം സഹകരണ സ്ഥാപനങ്ങളുടേയും സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടേയും കൂടി (കേരള വാട്ടർ അതോറിട്ടി ഉൾപ്പെടെ) വൈദ്യുതി ചാർജ്ജ് കുടിശ്ശിക, 1263.27 കോടി രൂപയാണ് (പലിശ ഉൾപ്പെടാതെയുള്ള തുക). |
| (ബി) എങ്കിൽ ഈ കുടിശ്ശിക പിരിച്ചെടുക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ; | (ബി) കുടിവെള്ള പദ്ധതികൾ തുടങ്ങിയ അത്യാവശ്യ സേവനങ്ങൾ അല്ലാത്ത ഉപഭോക്താക്കളുടെയും കോടതിയിൽ വ്യവഹാരങ്ങളില്ലാത്ത ഉപഭോക്താക്കളുടെയും സർവ്വീസ് കണക്ഷനുകൾ സപ്ലൈക്കോഡ് 2014-ൽ പരാമർശിച്ചിട്ടുള്ള സമയ പരിധി അനുസരിച്ച് വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുക, കണക്ഷൻ അഴിച്ചു മാറ്റുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു. അതിനു ശേഷം ഉപഭോക്താക്കളുടെ സെക്യൂരിറ്റി ഡെപ്പോസിറ്റിൽ നിന്നും കുടിശ്ശിക വസൂലാക്കാറുണ്ട്, ഇങ്ങനെ വസൂലാക്കാൻ കഴിയാത്ത സാഹചര്യത്തിൽ റവന്യൂ റിക്കവറി നടപടികൾക്കായി ശുപാർശ നൽകാറുണ്ട്. കൂടാതെ ദീർഘകാല കുടിശ്ശികയുള്ള ഉപഭോക്താക്കളിൽ നിന്നും ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി വഴി കുടിശ്ശിക ഈടാക്കുന്നതിനുള്ള നടപടിയും ആവിഷ്കരിച്ചിരുന്നു.<br><br>സഹകരണ സ്ഥാപനങ്ങളിൽ സ്പിന്നിംഗ് മില്ലുകൾ, റബ്ബർ/മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റികൾ എന്നിവയാണ് ഉൾപ്പെടുന്നത്. കുടിശ്ശിക വരുത്തിയിട്ടുള്ള സ്ഥാപനങ്ങൾക്ക് കുടിശ്ശിക നോട്ടീസ് നല്കി വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 10.01.2017-ൽ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പ് മന്ത്രിയുടെയും വ്യവസായ മന്ത്രിയുടെയും സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയിൽ നാശോന്മുഖമായ വ്യവസായമേഖലയെ സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ കുടിശ്ശികയെ സംബന്ധിച്ച് സാമൂഹിക പ്രതിബദ്ധതയോടുകൂടിയ ഒരു സമീപനത്തിന്റെ അടിസ്ഥാനത്തിൽ ചില തീരുമാനങ്ങൾ കൈക്കൊള്ളുകയുണ്ടായി.<br><br>ഇത് പ്രകാരം നിലവിൽ വൈദ്യുതി ബന്ധം വിച്ഛേദിച്ചിരുന്ന സ്പിന്നിംഗ് മില്ലുകളുടെ കണക്ഷൻ പുനസ്ഥാപിക്കുകയും തകർച്ചയുടെ വക്കിൽ എത്തി നിൽക്കുന്ന പതിനൊന്ന് സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ കുടിശ്ശിക തീർപ്പാക്കുന്നതിനായി ഒരു പാക്കേജ് രൂപപ്പെടുത്തുകയും ചെയ്തു. |

| | |
|---|---|
| | അത് പ്രകാരം 2017 ജനുവരി ഫെബ്രുവരി മാസങ്ങളിലെ കുടിശ്ശിക 2017 മാർച്ച് മാസം അടച്ച് തീർക്കുവാനും നിലവിൽ മേൽ മാസങ്ങൾക്കു പുറമേയുള്ള കുടിശ്ശിക തുക 2017 ജൂൺ മാസം മുതൽ 12 തവണകളായി അടവു വരുത്താൻ തീരുമാനമായി.<br>ഇത്തരത്തിൽ കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിൽ പൊതുമേഖലയിലും കോ-ഓപ്പറേറ്റീവ് സ്ഥാപനങ്ങളായി സഹകരണ മേഖലയിലും പ്രവർത്തിച്ചു വരുന്ന സ്പിന്നിംഗ് മില്ലുകളുടെ വൈദ്യുതി ചാർജ്ജ് കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി കെ.എസ്.ഇ.ബി,. ലിമിറ്റഡ് ഒട്ടേറെ നടപടികൾ സ്വീകരിക്കുന്നുണ്ട്.<br>സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായും വിവിധ മേഖലകളിൽ ശ്രമം നടത്തിവരുന്നു. കുടിശ്ശിക നോട്ടീസുകൾ സമയബന്ധി തമായി നൽകി വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും റവന്യൂ റിക്കവറി നടപടികൾ കൈകൊള്ളുകയും ചെയ്തു വരുന്നു.<br>ഇതുകൂടാതെ ദീർഘകാല കുടിശ്ശികകൾ ഈടാക്കാൻ റവന്യൂ റിക്കവറി നടപടികൾ എടുക്കുകയും ചെയ്തു വരുന്നു. |
| (സി) സഹകരണ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക എത്ര; ഇവ ഏതെല്ലാം സ്ഥാപനങ്ങളെന്ന് വെളിപ്പെടുത്തുമോ; | (സി) സഹകരണ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക 12.57 കോടി രൂപയാണ് (പലിശ ഉൾപ്പെടാതെയുള്ള തുക) സ്ഥാപനങ്ങളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം-1 ആയി ഉള്ളടക്കം ചെയ്യുന്നു. |
| (ഡി)സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ കുടിശ്ശിക തുക എത്ര; ഇവ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളെന്ന് തുക സഹിതം വിശദാംശങ്ങൾ വെളിപ്പെടുത്തുമോ? | (ഡി) സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ കുടിശ്ശിക 1250.70 കോടി രൂപയാണ്. (പലിശ ഉൾപ്പെടാതെയുള്ള തുക) പ്രസ്തുത സ്ഥാപനങ്ങളുടെ പട്ടിക ഇതോടൊപ്പം അനുബന്ധം-2 ആയി ഉള്ളടക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ

4594 Annexure-1

# ARREARS OF CURRENT CHARGE DUE FROM CO-OPERATIVE SECTOR AS ON 31.03.2017

| Sl. No. | NAME OF DEPARTMENT | Total |
|---|---|---|
| 1 | KHRWS | 16,360,008 |
| 2 | MATSYAFED | 102,718 |
| 3 | THRISSUR COOPERATIVE SPINNING MILLS LTD | 42,404,408 |
| 4 | CO-OPERATIVE SPINNING MILLS,KOLLAM | 16,054,578 |
| 5 | MALAPPURAM CO-OPERATIVE SPINNING MILLS | 13,738,900 |
| 6 | KOZHIKODE DAIRY MILK PROCESSING PLANT KUNNAMANGAL | 10,090,599 |
| 7 | PRIYADARSINI CO-OPERATIVE SPINNING MILLS | 6,884,199 |
| 8 | CANNANORE CO-OPERATIVE SPINNING MILLS | 5,938,170 |
| 9 | TRCMPU LTD(MILMA PATHANAMTHITTA | 2,922,237 |
| 10 | MILK PROJECT,EDAPALLY | 2,061,127 |
| 11 | MILMA. KATTAPPANA. (29/14/1946) | 1,556,950 |
| 12 | MALABAR CO-OPERATIVE TEXTILES, KUTTIPURAM LTD. | 1,207,903 |
| 13 | MEENACHIL CO OPERATIVE RUBBER MARKETING SOCIETY | 1,054,393 |
| 14 | MILMA DAIRY PROJECT,ALAPPUZHA | 1,015,754 |
| 15 | KADUTHURUTHY RUBBER MARKETING&PROC.SOCTY | 905,893 |
| 16 | KERALA CO-OP. MILK MARKETING FED.,KANNUR | 816,636 |
| 17 | KERALA STATE RUBBER MARKETING FEDERATION | 725,987 |
| 18 | RUBTECH CRUMB RUBBER FACTORY | 560,014 |
| 19 | KERALA CO-OP:MILK MARKETING FED:,ALAPUZHA | 510,472 |
| 20 | KOTTAYAM INTEGRATED POWERLOOM CO-OP | 305,430 |
| 21 | MILK CHILLING PLANT,MANNAR | 206,849 |
| 22 | CALICUT INTEGRATED POWERLOOM(CIPCO) | 161,825 |
| 23 | CALICUT CONSUMER SOCIETY | 102,301 |
| 24 | NEYYATINKARA TALUK INTEGRATED POWERLOOM | 10,737 |
| | Co operative Sector Total | **125,698,088** |

4594 Annexure - 2

# .EARS OF CURRENT CHARGE DUE FROM STATE PUBLIC SECTOR UNDERTAKINGS AS ON 31.03.2017

| Sl. No. | NAME OF DEPARTMENT | Total |
|---|---|---|
| 1 | KSRTC | 13,443 |
| 2 | KERALA STATE HOUSING BOARD | 261,508 |
| 3 | KERALA STATE FINANCIAL ENTERPRISES | 12,607 |
| 4 | RTL CORPORAION | 2,195 |
| 5 | KERALA WATER AUTHORITY | 10,080,499,876 |
| 6 | LAKSHADWEEP CAMP COURT | 1,573 |
| 7 | POULTRY DEVELOPMENT CORPN. | 32,507 |
| 8 | OTHERS(Arreas below Rs.One Lakh) | 594,456 |
| 9 | TRAVANCORE COCHIN CHEMICALS LTD(TCC) | 1,657,225,265 |
| 10 | AUTOKAST LIMITED | 530,443,859 |
| 11 | KERALA CERAMICS LTD.(OLD) | 54,893,589 |
| 12 | MALABAR SPINNING & WEAVING MILL LTD. | 24,502,961 |
| 13 | VITAMIN A PLANT KSDP | 19,545,724 |
| 14 | KERALA CERAMICS LTD. (NEW) | 17,839,340 |
| 15 | ASPIRIN PLANT | 14,523,272 |
| 16 | TRANSFORMERS & ELECTRICALS KERALA LTD | 11,306,089 |
| 17 | KOTTAYAM TEXTILES.VEDGIRI ,KOTTAYAM | 9,828,615 |
| 18 | PRABHU RAM MILLS | 9,672,237 |
| 19 | EDARIKODE TEXTILES.EDARIKODE.MALAPPURAM | 9,273,927 |
| 20 | KERALA SOAPS & OILS LTD | 8,181,510 |
| 21 | KELTRON RECTIFIERS LTD.THRISSUR | 6,967,756 |
| 22 | MALABAR CEMENTS, WALAYAR (15/14/1337) | 6,802,929 |
| 23 | UDUMA TEXTILE MILL, KASARAGOD | 6,116,724 |
| 24 | HIGH TECH WALL WEAVING MILL | 5,060,117 |
| 25 | TRIVANDRUM SPINNING MILLS LTD | 5,057,800 |
| 26 | TRAVANCORE TITANIUM PRODUCTS LTD | 4,623,553 |
| 27 | STEEL COMPLEX LTD | 4,286,051 |
| 28 | SITARAM TEXTILES LTD,PP ROAD,THRISSUR | 4,248,396 |
| 29 | KELTRON POWER DEVICES | 3,766,231 |
| 30 | KUNNATHARA TEXTILES | 3,066,407 |
| 31 | KERALA STATE WOOD INDUSTRIES | 2,727,286 |
| 32 | KERALA CERAMICS | 1,308,087 |
| 33 | MALABAR CEMENTS LTD, WALAYAR | 1,281,085 |
| 34 | KELTRON COUNTERS,CHAVADIMUKKU,THIRUVANANTHAPURAM | 990,964 |
| 35 | TRAVANCORE SUGARS & CHEMICALS LTD | 422,265 |
| 36 | Sidco Tools | 365,530 |
| 37 | VEGETABLE & FRUIT PROMOTION COUNCIL KERALAM | 334,472 |
| 38 | SCHOOL OF MEDICAL EDUCATION | 312,781 |

| No. | NAME OF DEPARTMENT | Total |
|---|---|---|
| 39 | VETTILAPPARA ESTATE(KALADY ESTATE) | 203,295 |
| 40 | CASHEW BHAVAN | 123,315 |
| 41 | WHOLESALE AGRICULTURAL MARKET, KOZHIKODE | 115,228 |
| 42 | Chalakudy Refraction | 73,920 |
| 43 | KERALA STATE CASHEW DEVEOPMENT CORPORATION | 46,626 |
| | **State Public Sector Undertakings Total** | **12,506,955,371** |